പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2871 **29-10-2026-ൽ മറുപടിയ്ക്ക്**

താമരശ്ശേരി ചുരം പാതയിലെ യാത്രാപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. കെ. നവാസ്

ശ്രീ. കല്ലട മാഹിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) തുടർച്ചയായി ഉണ്ടാകുന്ന മണ്ണിടിച്ചിൽമൂലം താമരശ്ശേരി ചുരം റോഡിലൂടെ വയനാട്ടിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) ചുരത്തിലെ കൊടുംവളവുകൾ വീതികൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

മറുപടി: താമരശ്ശേരി ചുരത്തിലെ 6, 7 & 8 വളവുകൾ വീതി കൂട്ടുന്ന പ്രവൃത്തി നടന്നു വരുന്നു.

(സി) മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

മറുപടി: താമരശ്ശേരി ചുരത്തിൽ ഒമ്പതാം വളവിൽ മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലം soil retaining ചെയ്ത് ബലപ്പെടുത്തുന്ന പ്രവൃത്തി നടന്നു വരുന്നു.

(ഡി) ചുരം പാതയിലെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മറുപടി: 1) താമരശ്ശേരി ചുരം ഉൾപ്പെട്ട ദേശീയപാത 766 നാല് വരിപ്പാതയാക്കുന്നതിനുള്ള പഠനം NHAI യുടെ കീഴിൽ നടന്നു വരുന്നു. താമരശ്ശേരി ചുരത്തിന് ബദൽ പാതയായി ചിപ്പിലിത്തോട് - തളിപ്പുഴ ബൈപ്പാസ് നിർമ്മാണം മേൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) താമരശ്ശേരി ചുരത്തിലെ 6, 7 & 8 വളവുകൾ വീതി കൂട്ടുന്ന പ്രവൃത്തി നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ